LIBRARY ARCHIVES Kerala Legislative Assembly

മൺസൂൺകാല ട്രോളിംഗ് നിരോധനം

91 (7654) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനത്തിന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) കടലിൽനിന്നുള്ള മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഉടൻ തീരുമാനം എടുക്കുമോ ;

(സി) യന്ത്രവൽകൃത ബോട്ടുകൾക്ക് മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത് ഏത് കാലം മുതലായിരുന്നുവെന്ന് വ്യക്തമാക്കുമോ ; ഇതിനുശേഷമുള്ള കാലയളവിൽ മത്സ്യലഭ്യതയിൽ വർദ്ധനയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മത്സ്യമേഖലയിലെ വിവിധ വിഭാഗം പ്രതിനിധികളുമായി ചർച്ച ചെയ്ത് ഒരു സമവായത്തിലൂടെ മാത്രമെ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(സി) 1988 മുതലാണ് യന്ത്രവൽകൃത ബോട്ടുകളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്. ട്രോളിംഗ് നിരോധനം ആരംഭിച്ചശേഷം 1988 മുതൽ 2000 വരെയുള്ള കണക്കനുസരിച്ച് പ്രകടമായ മത്സ്യോല്പാദന വർദ്ധനവുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. 2008-09 വർഷംവരെ മത്സ്യസമ്പത്തിന്റെ ലഭ്യത കൂടിയും കുറഞ്ഞും രേഖപ്പെടുത്തിയിട്ടുണ്ട്. 2009-10 മുതൽ മത്സ്യസമ്പത്ത് ചെറിയ തോതിൽ കുറഞ്ഞുവരുന്നതായും എന്നാൽ, സംസ്ഥാനത്ത് കടലിൽനിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ 2013-ൽ മുൻവർഷത്തെ അപേക്ഷിച്ച് 20 ശതമാനവും 2011-നെ അപേക്ഷിച്ച് 10 ശതമാനവും കുറവ് കാണുന്നു. എന്നാൽ, 2009, 2010 എന്നീ വർഷങ്ങളിലെ ലഭ്യതയുമായി താരതമ്യം ചെയ്യുമ്പോൾ 2013-ലെ ലഭ്യത യഥാക്രമം 30 ശതമാനവും 10 ശതമാനവും അധികമാണ്.

തുറമുഖ വികസനത്തിന് പൊതുജന നിക്ഷേപം

92 (7655) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖ വികസനത്തിന് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;